"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ളതുമായ സ്ഥലത്തെ ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും ചേലോറയിലെ 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (Centralized Waste-to-Energy Plant) സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2074/2020/LSGD തീയതി,തിരുവനന്തപുരം, **05/11/2020**

---

പരാമർശം:- 1) 11.06.2018-ലെ G.O.(Ms.)No.82/2018/LSGD നമ്പർ ഉത്തരവ്

2)ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA/519/2019 നമ്പർ കേസിലെ 07.07.2019-ലെ ഉത്തരവ്

3) 27.03.2020-ലെ സ.ഉ.(സാധാ.)നം.714/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

4)കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിയുടെ 27.04.2020-ലെ E1-29810/18 നമ്പർ കത്ത്

5) 11.05.2020-ലെ DC1/70/2020/തസ്വഭവ നമ്പർ കത്ത്

6) കണ്ണൂർ കോർപറേഷൻ മേയറുടെ 18.05.2020ലെ E1-29810/18 നമ്പർ കത്ത്

7)18.05.2020-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി യോഗത്തിലെ തീരുമാനം

8)30.06.2020-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി( അർബൻ)-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

9)കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുടെ 09.09.2020-ലെ KSIDC/TVM/WtE/2020/1004നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ള 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (Centralized Waste-to-Energy Plant) സ്ഥാപിക്കുന്നതിനായി കേരള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന് (KSIDC) കൈമാറുന്നത് സംബന്ധിച്ചും KSIDC ആയത് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആഗോള ടെണ്ടറിലൂടെ തെരഞ്ഞെടുക്കുന്ന സ്വകാര്യ പങ്കാളിക്ക് (Concessionaire) sublease ചെയ്യുന്നത് സംബന്ധിച്ചും പരാമർശം (1) പ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിരുന്നു

2. കണ്ണൂർ നഗരസഭയിലെ ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ അടിഞ്ഞുകൂടി കിടക്കുന്ന മാലിന്യകൂമ്പാരം biomining / bio-remediation രീതിയിൽ സംസ്കരിക്കുന്നതിന് നടപടി ഉണ്ടാകണമെന്നും

ടി പ്രവൃത്തി 1.11.2019 തീയതി മുതൽ ആരംഭിച്ച് ആറു മാസത്തിനുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ബഹു.ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയമന്ത്രണ ബോർഡ് കണ്ണൂർ കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നു. ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ ലെഗസി വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നോഡൽ ഏജൻസിയായി KSIDC- യെ ചുമതലപ്പെടുത്തിയതനുസരിച്ച് ആയതു സംബന്ധിച്ച MoU തയാറാക്കി KSIDC കണ്ണൂർ കോർപറേഷന് സമർപ്പിച്ചിരുന്നു.

3. ചേലോറയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും പ്രസ്തുത 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും ആവശ്യമായ കൗൺസിൽ തീരുമാനമെടുത്തുകൊണ്ട് സമയബന്ധിതമായി നടപടി പൂർത്തിയാക്കാതിരുന്ന സാഹചര്യത്തിൽ കണ്ണൂർ ജില്ലയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ളതുമായ സ്ഥലത്ത് കുന്നുകൂടികിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും പ്രസ്തുത 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (Centralized Waste-to-Energy Plant) സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 61(1) പ്രകാരം കണ്ണൂർ കോർപ്പറേഷന് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. പരാമർശം(3) ഉത്തരവിലൂടെ നൽകിയ നിർദ്ദേശം കോർപ്പറേഷൻ നടപ്പാക്കാതിരുന്ന സാഹചര്യത്തിൽ മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 61, ഉപവകുപ്പ് (2) പ്രകാരം അനന്തര നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് പരമാർശം (5) പ്രകാരം കണ്ണൂർ കോർപ്പറേഷൻ മേയർക്ക് നൽകുകയും അതിനുള്ള മറുപടി പരാമർശം (6) പ്രകാരം കണ്ണൂർ കോർപറേഷൻ മേയർ സമർപ്പിക്കുകയും ചെയ്തിരുന്നു.

5. കണ്ണൂർ ജില്ലയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ളതുമായ സ്ഥലത്ത് കുന്നുകൂടികിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും പ്രസ്തുത 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും കണ്ണൂർ കോർപറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി യോഗത്തിൽ പരാമർശം (7) പ്രകാരം തീരുമാനിച്ചിരുന്നു.

6. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് കൈമാറുന്ന ഭൂമിയിന്മേലുള്ള കോർപറേഷന്റെ നിയമപരമായ അവകാശം ഉറപ്പാക്കുന്ന തരത്തിൽ കൺസഷൻ എഗ്രിമെന്റിൽ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് KSIDC മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ചേലോറയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കുന്നതിനു കണ്ണൂർ മുനിസിപ്പൽ കോർപറേഷനിലെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് KSIDC പ്രോജക്റ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി( അർബൻ)- യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പരാമർശം (8) പ്രകാരം തീരുമാനിക്കുകയും ആയത് പ്രകാരമുള്ള നടപടികൾ KSIDC സ്വീകരിക്കുകയും ചെയ്തിരുന്നു.

7.കണ്ണൂർ ജില്ലയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന്

തെരഞ്ഞെടുത്തിട്ടുള്ളതും കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ളതുമായ സ്ഥലത്ത് കുന്നുകൂടികിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും പ്രസ്തുത 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും, കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനും കണ്ണൂർ കോർപറേഷൻ നിലവിൽ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച നിർദേശങ്ങൾ കോർപറേഷന് നല്കണമെന്ന് KSIDC മാനേജിങ് ഡയറക്ടർ പരാമർശം (9) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

8.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കണ്ണൂർ ജില്ലയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ചേലോറയിൽ ഉള്ളതുമായ സ്ഥലത്തെ ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി KSIDC സമർപ്പിച്ച MoU ഒപ്പുവയ്ക്കുന്നതിനും ചേലോറയിലെ 9.7 ഏക്കർ സ്ഥലം കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (Centralized Waste-to-Energy Plant) സ്ഥാപിക്കുന്നതിനായി KSIDC-ക്ക് കൈമാറുന്നതിനും കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 61 (2) പ്രകാരം കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

മേയർ / സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(GSSA/ERSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2020.11.05 12:24:57 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്